## <u>ഡി.ജി.പിയുടെ ഓൺലൈൻ പരാതിപരിഹാര പരിപാടിയിൽ പരിഗണിക്കുന്നത് എറണാകുളം ജില്ലയിലെ പരാതികൾ</u>

സംസ്ഥാന പോലീസ് മേധാവിയുടെ ഓൺലൈൻ പരാതിപരിഹാര പരിപാടിയുടെ അടുത്ത ഘട്ടം ഡിസംബർ 3ന് നടക്കും. കൊച്ചി സിറ്റി, എറണാകുളം റൂറൽ എന്നിവിടങ്ങളിലെ സർവ്വീസിൽ ഉള്ളതും വിരമിച്ചതുമായ പോലീസ് ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധവും വ്യക്തിപരവുമായ പരാതികളാണ് പരിഗണിക്കുന്നത്. പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതപങ്കാളിക്കും പരാതി നൽകാം. പോലീസ് ഉദ്യോഗസ്ഥർക്ക് മേലധികാരി മുഖേന അല്ലാതെ നേരിട്ടുതന്നെ പരാതി നൽകാമെന്നതാണ് ഇതിന്റെ പ്രത്യേകത. '**എസ്.പി.സി ടോക്സ് വിത്ത് കോപ്സ്** 'എന്ന് നാമകരണം ചെയ്തിരിക്കുന്ന പരിപാടിയിൽ പരാതികൾ നേരിട്ട് സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാം. പരാതികൾ **spctalks.pol@kerala.gov.in** എന്ന ഇ-മെയിലിലോ **State Police Chief talks with Cops, Police Headquarters, Thiruvananthapuram-10** എന്ന വിലാസത്തിലോ നവംബർ 30 ന് മുമ്പ് ലഭിക്കണം. ഹെൽപ്പ് ലൈൻ നമ്പർ: 9497900243.